പാക്കേജ് 1എ, 1സി, 1ഡി, 1ഇ എന്നിവയ്ക്ക് ലഭിച്ച ദർഘാസുകൾ 6-12-2010-ൽ കൂടിയ എംപവേർഡ് കമ്മിറ്റി പരിഗണിക്കുകയും 2010 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് വർക്ക് ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുകയാണെങ്കിൽ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം പുനർദർഘാസ് ക്ഷണിക്കുവാനും തീരുമാനിച്ചു. ഇത് സംബന്ധിച്ച് കോൺട്രാക്ടർമാരുമായി അതോറിറ്റി തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

(എഫ്) ദർഘാസുകൾക്കും പ്രതികരണം ലഭിക്കാത്തതും, കോൺട്രാക്ടർമാർ എസ്റ്റിമേറ്റ് തുകയെക്കാൾ വളരെ ഉയർന്ന തുക കാട്ടുചെയ്യുന്നതിനാൽ ദർഘാസ് റദ്ദാക്കി പുനർദർഘാസ് ക്ഷണിക്കേണ്ടി വരുന്നതിനാലുമാണ് ദർഘാസുകൾ തീർപ്പ് കല്പിച്ച് പ്രവൃത്തി ആരംഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസത്തിനുള്ള പ്രധാന കാരണം.

(ജി) 6-12-2010-ലെ എംപവേർഡ് കമ്മിറ്റി തീരുമാന പ്രകാരം 2010 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് വർക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച് കോൺട്രാക്ടർമാരുമായി അതോറിറ്റി തലത്തിൽ കൂടിയാലോചനകൾ നടന്നുവരുന്നു.

(എച്ച്) വിവിധ പാക്കേജുകളുടെ ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തിയാക്ക അനുമതിയ്ക്കായി എംപവേർഡ് കമ്മിറ്റി മുൻപാകെ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം പാക്കേജ് 1എ, 1സി, 1ഡി, 1ഇ എന്നിവയ്ക്ക് ലഭിച്ച ദർഘാസുകൾ 6-12-2010-ൽ കൂടിയ എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിക്കുകയും 2010 ഷെഡ്യൂൾ ഓഫം റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് വർക്ക്ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാവുകയാണെങ്കിൽ അനുവദിക്കുന്നതിനും അല്ലാത്തപക്ഷം പുനർദർഘാസ് ക്ഷണിക്കുവാനും തീരുമാനിച്ചു.

യോഗ തീരുമാനപ്രകാരം മറ്റു പാക്കേജുകളുടെ ടെണ്ടർ നടപടികൾ എത്രയുംവേഗം പൂർത്തികരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

യോഗത്തിൽ തീരുമാനിച്ച പ്രകാരം ഫറൂക്ക്-കരുവാൻതുരുത്തി വില്ലേജുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് ഭേണനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി-നെടിയിരുപ്പ് പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

65 (2163) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി-നെടിയിരുപ്പ് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്തിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി ഏതു പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര കോടി രൂപ ചെലവു വരുന്നതാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധമായി ജലവിഭവ വകുപ്പിലെ 11527/സി1/10 നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയും തുടർ നടപടികളും വിശദമാക്കുമോ ;

(ഇ) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സാർക്ക് (Special Assistance Against Recession in Kerala) 2010-2011-ൽ ഉൾപ്പെടുത്തി 13 കോടി ചെലവ് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(സി) ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്.

(ഡി & ഇ) നടപ്പു സാമ്പത്തിക വർഷം സാർക്ക് പദ്ധതികൾക്കായി മൊത്തം 20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2 വർഷം കൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന കൊണ്ടോട്ടി നെടിയിരുപ്പ് പദ്ധതി ഉൾപ്പെടെ 5 പദ്ധതികളുടെ അടങ്കൽ തുക നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതലായിതിനാൽ അടുത്ത സാമ്പത്തിക വർഷവും പദ്ധതിക്ക് തുക വകയിരുത്തുന്നകാര്യം ഉറപ്പാക്കിയശേഷം പരിശോധനയ്ക്കായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയിരിക്കുകയണ്. ഇക്കാര്യത്തിൽ പ്ലാനിംഗ് വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകി 2 വർഷംകൊണ്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

മണ്ണൂർക്കര-വീരണക്കാവ്-പെരുംകുളം പദ്ധതി

68 (2184) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആര്യനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ശുദ്ധജലവിതരണ പദ്ധതിയായ മണ്ണൂർക്കര-വീരണകാവ്-പെരുംകുളം പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(ബി) ഈ പദ്ധതി തടുങ്ങുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതി എന്നേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly